LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളിൽ കൂടുതൽ ഒ.പി. കൗണ്ടറുകൾ

124 [949] ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വർക്കല കഹാർ:
" ലൂഡി ലൂയിസ്:
" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ ചികിത്സ തേടി എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എത്തുന്ന രോഗികൾ ക്യൂ നിന്ന് ഒ.പി. ടിക്കറ്റ് വാങ്ങുന്നതിനുപകരം അവ കരിഞ്ചന്തയിൽ നിന്ന് വാങ്ങാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ കഠിന രോഗവുമായി എത്തുന്നവരെ തെറ്റിദ്ധരിപ്പിച്ച് സ്വകാര്യ ആശുപത്രികളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ:

(എഫ്) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒ.പി. ടിക്കറ്റ് നൽകുന്നതിന് കൂടുതൽ കൗണ്ടറുകൾ തുറക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒരു ദിവസം ശരാശരി 2000-ത്തോളം രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട്.

(ബി ആന്റ് സി) ഒ.പി. ടിക്കറ്റ് കരിഞ്ചന്തയിൽ നിന്നും വാങ്ങാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി ആന്റ് ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇതിനോടകം കൂടുതൽ ഒ.പി. ടിക്കറ്റ് കൗണ്ടറുകൾ തുടങ്ങിയിട്ടുണ്ട്. മറ്റു മെഡിക്കൽ കോളേജ് ആശുപത്രികളിലും ആവശ്യം കണക്കിലെടുത്ത് കൂടുതൽ കൗണ്ടറുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.